## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3169 — 03.04.2013 ൽ മറുപടിയ്ക്ക്.

## മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷയിന്മേൽ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിലെ എൽ.ഡി.ക്ലാർക്ക് ശ്രീമതി.പ്രീതി.പി.പിള്ള മകന്റെ ചികിത്സാ ചെലവ് തുക റീ-ഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ നാളിതു വരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിൽ കൃഷിവകുപ്പിൽ നിന്നും റീഡിപ്ലോയ്മെന്റ് മുഖാന്തിരം എൽ.ഡി.ക്ലാർക്കായി ജോലി നോക്കുന്ന ശ്രീമതി.പ്രീതി.പി.പിള്ളയുടെ മകന്റെ ചികിത്സാചെലവ് റീഇംബേഴ്സ് ചെയ്യുന്നതിനുള്ള അപേക്ഷ കൃഷിഡയറക്ടറുടെ 02.02.2011 ലെ എഎ 2/3/30633/09 നമ്പർ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും 18.08.2011 ലെ 6301/ഇബി3/11/കൃഷി നമ്പർ സർക്കാർ കത്ത് മുഖാന്തിരം പ്രസ്തുത അപേക്ഷ നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി പ്രത്യേക അനുമതി നൽകാൻ നിർവ്വാഹമില്ലെന്നറിയിച്ച് നിരസിച്ചിരുന്നു. അതിനുശേഷം 22.12.2011 ൽ എൽ.ഡി.ക്ലാർക്ക് ശ്രീമതി.പ്രീതി.പി.പിള്ള ബഹു.മുഖ്യമന്ത്രി മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും 12.03.2012 ലെ 299/ഇബി3/12/കൃഷി നമ്പരായുള്ള സർക്കാർ കത്ത് മുഖാന്തിരം അപേക്ഷ വീണ്ടും സമർപ്പിക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് കൃഷിഡയറക്ടർ 05.06.2012 ലെ എഎ(2)/3/30633/9 നമ്പർ കത്ത് പ്രകാരം അപേക്ഷയും അനുബന്ധ രേഖകളും സർക്കാരിലേയ്ക്ക് വീണ്ടും സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരുന്നു. ടി വകുപ്പിന്റെ നിർദ്ദേശപ്രകാരം 05.12.2012 ലെ 299/ഇബി3/12/കൃഷി നമ്പർ കത്ത് പ്രകാരം ഒറിജിനൽ ബില്ലുകൾ കൃഷി ഡയറക്ടർക്ക് ജില്ലാ മെഡിക്കൽ ഓഫീസറുടെ വെരിഫിക്കേഷനു വേണ്ടി അയച്ചു കൊടുത്തിരുന്നു. ആയത് കൃഷി ഡയറക്ടർ 12.12.2012 ലെ കത്ത് പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് വെരിഫിക്കേഷനു വേണ്ടി അയച്ചു കൊടുത്തിട്ടുണ്ട്. വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് എൽ.ഡി.ക്ലാർക്ക് ശ്രീമതി.പ്രീതി.പി.പിള്ളയ്ക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |